"വയനാട്ടിലെ വനംവകുപ്പിൽ ആഫ്രിക്കൻ ട്രിബിനലുകളുടെ ~~ശിവതാണ്ഡവമോ~~?"

പ്രതിബദ്ധതയുള്ള വനംവകുപ്പ് ഉദ്യോഗസ്ഥൻ എന്ന നിലയിലും, വയനാട് പ്രകൃതിസംരക്ഷണ സമിതിയുടെ ആരംഭകാല മുഖ്യസ്വരം എന്ന നിലയിലും സുപരിചിതനായ, വയനാട് വൈൽഡ്‌ലൈഫ് ഡിവിഷനിലെ ഫോറസ്റ്റർ കെ.പി. അബ്ദുൾ വഹാബ്, തരംതാഴ്ന്ന ട്രിബിനൽ രാഷ്ട്രീയത്തിന്റെ ഉപജ്ഞാതാവിന്റെ ഫലമായി വയനാട്ടിൽ നിന്നും സ്ഥലം മാറ്റപ്പെട്ടിരിക്കയാണ്. ഈ സന്ദർഭം ഒരു വനംവകുപ്പ് ഉദ്യോഗസ്ഥന്റെ കേവലമായ സ്ഥലമാറ്റം എന്ന നിലയിൽ ~~[illegible]~~ നിസ്സാരമായി കാണാൻ വയ്യ. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്നതായി നാം കേട്ടറിഞ്ഞ ഉദ്യോഗസ്ഥ രാഷ്ട്രീയ മാഫിയ വൽക്കരണത്തിന്റെ പ്രതിഫലനം, സംസ്കാരവും ജനാധിപത്യബോധവുള്ള കേരളത്തിലും നിലനിൽക്കുന്നു എന്നതിന്റെ പ്രത്യക്ഷോദാഹരണമാണ് അബ്ദുൾ വഹാബിന്റെ സ്ഥലമാറ്റം.

വയനാട്ടിലെ വനംവകുപ്പ് ട്രിബിനലുകളുടെ വിഹാരരംഗമായി മാറിക്കൊണ്ടിരിക്കയാണ്. ആദിവാസിവിഭാഗങ്ങളെ ഭീഷണിപ്പെടുത്തി, പകരം രാഷ്ട്രീയഗിമിക്കുകളെയും ട്രിബിനലുകളെയും നിയമിച്ച് വനപരിപാലന മാനദണ്ഡങ്ങൾ തകിടം മറിക്കുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വനസ്കൂളിലെ കാര്യാലയം, ഡി.എഫ്.ഒ, ഡിവിഷനുകൾ, റെയിഞ്ചുകൾ എന്നിവിടങ്ങളിലൊക്കെ ട്രേഡുചെയ്യാതെ ധാരാളം പാർട്ടുകൾ വി.വി.ഐ.പി.കൾ വിഹരിച്ചുകൊണ്ടിരിക്കുന്നു. ഡി.എഫ്.ഒ മാരുടേയും, റെയിഞ്ച് ഓഫീസർമാരുടേയും നൈമിഷിക പ്രവർത്തനങ്ങളിൽ ഇക്കൂട്ടർ ഇടപെട്ടുകൂടുന്നു. കാട്ടിനകത്തിലെ മുഴുവൻ പണികളും ഇവരുടെയും, ബിനാമികളുടേയും നിയന്ത്രണത്തിലാണ്. ഉന്നതഉദ്യോഗസ്ഥന്മാരുടെ നിയമനവും സ്ഥലം മാറ്റവുമെന്നെ നിയന്ത്രിക്കുവാൻ ഇവർമാർ പ്രാപ്തരാകുന്നു. ഇടക്കിടെ നടത്തുന്ന വിവിധ സംഗമങ്ങളുടെ പേരിൽ ഭീമമായ തുകകൾ നിർബന്ധിതമായും ഭീഷണി മുഴക്കിയും പലരിൽ നിന്നും പിരിച്ചെടുക്കുന്നു. വടക്കൻ വയനാട്ടിലെ വനമേഖലയുടെ ഭരണം ഏൽപ്പിക്കപ്പെട്ട 'പ്രഗത്ഭ' വ്യക്തിമാർക്ക് താമസിക്കാൻ സർക്കാർ വക ക്വാർട്ടേഴ്സുകൾ ലഭ്യമാക്കിയിരിക്കുന്നു. കേരളത്തിൽ കഴിഞ്ഞ കാലങ്ങളിൽ അധികാരത്തിൽ വന്ന ഒരു മുന്നണിയിലേയും വനംവകുപ്പ് മേലധികാരികൾ ഇപ്പോഴുള്ളതു പോലെ അഴിമതിക്കുവേലകൾ സൃഷ്ടിച്ചിട്ടില്ല.

ഇങ്ങനെ പോയാൽ, ഒരു വർഷം മുൻപ് വനംവകുപ്പിന്റെ ട്രേഡിയിൽ ഏർപ്പെട്ടിരിക്കെ, കാട്ടിൽവെച്ച് ആനക്കുട്ടികളെന്ന് കൊല്ലപ്പെട്ട വരുൾ എന്ന ആദിവാസിയുടെ വിദ്യാഭ്യാസയോഗ്യതയുള്ള മകൻ ഫയർവാച്ചർ ജോലിപോലും കൊടുക്കാതെ ഒരു ഗൃഹകാരൻ മിനിട്ടുപയുടെ നിർദ്ദേശം പൂർണ്ണമായ വകുപ്പ് സ്ഥിരം വാച്ചറായി നിയമനം നൽകിയതു പോലെ കാര്യങ്ങളെത്തിയിരിക്കുന്നു. ഇത്തരം നടപടികളെ എതിർക്കുന്ന, ആത്മാഭിമാനമുള്ള ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുകയും